# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1095 — 04/12/2014 ൽ മറുപടിക്ക്

## ആർ.എം.എസ്.എ സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ജില്ലയിൽ അനുവദിച്ച ആർ.എം.എസ്.എ സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ലഭ്യമാക്കാൻ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) 2009-10 ൽ എം.എച്ച്.ആർ.ഡിയുടെ അംഗീകാരം ലഭിച്ച 60 സ്കൂളുകളിൽ ഉൾപ്പെടുന്ന കാസർഗോഡ് ജില്ലയിലെ 13 സ്കൂളുകളിലും 2010-11 ൽ അംഗീകാരം ലഭിച്ച 36 സ്കൂളുകളിൽ ഉൾപ്പെടുന്ന 4 സ്കൂളുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് എച്ച്.എം-1, ഹൈസ്ക്കൂൾ അദ്ധ്യാപകർ-5 (3 വിഷയാദ്ധ്യാപകർ, 2 ഭാഷാദ്ധ്യാപകർ), ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1 എന്ന രീതിയിൽ ഓരോ സ്കൂളിനും വാർഷിക പദ്ധതിയനുസരിച്ച് ശമ്പളം നൽകുന്നുണ്ട്. |
| ബി) കാസർഗോഡ് ജില്ലയിലെ ബാഹം ഹൈസ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ബി) കാസർഗോഡ് ജില്ലയിലെ ബാനം ഹൈസ്ക്കൂൾ എം.എച്ച്.ആർ.ഡി യുടെ അംഗീകാരം ലഭിക്കാത്ത 30 സ്കൂളുകളിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ ഈ സ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം നൽകാൻ ആർ.എം.എസ്.എ യ്ക്ക് കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ